## പതിനാലാം കേരളനിയമസഭ
## പതിനാറാം സമ്മേളനം

നക്ഷത്രചിഹ്നമിടാത്ത
ചോദ്യം നം: 5406

18.11.2019-ലെ മറുപടിക്ക്

### വയനാട് ജില്ലയിൽ ആസ്പിരേഷണൽ ഡിസ്ട്രിക്ട് പദ്ധതി

| ചോദ്യം<br>ശ്രീ.സി. കെ. ശശീന്ദ്രൻ | മറുപടി<br>പിണറായി വിജയൻ<br>(മുഖ്യമന്ത്രി) |
|---|---|
| (എ) വയനാട് ജില്ലയിൽ നടപ്പിലാക്കുന്ന ആസ്പിരേഷണൽ ഡിസ്ട്രിക്ട് പദ്ധതിയുടെ വിശദാംശങ്ങൾ ലഭ്യമാക്കാമോ; | (എ) ഇന്ത്യയിലെ എല്ലാ സംസ്ഥാനങ്ങളിൽ നിന്നും തെരഞ്ഞെടുക്കപ്പെട്ട 117 ജില്ലകളെ ത്വരിതഗതിയിൽ വികസനോന്മുഖമായി പരിവർത്തനം ചെയ്യുക എന്ന ലക്ഷ്യത്തോടെ കേന്ദ്ര സർക്കാർ നീതി ആയോഗ് മുഖേന ആവിഷ്കരിച്ച് നടപ്പിലാക്കിവരുന്ന പദ്ധതിയാണ് ആസ്പിരേഷണൽ ഡിസ്ട്രിക്ട് പ്രോഗ്രാം. കേരളത്തിൽ നിന്നും പദ്ധതിയിൽ ഉൾപ്പെട്ടിരിക്കുന്ന ഏക ജില്ലയാണ് വയനാട്. മാനവിക വികസന സൂചകങ്ങളെ ആധാരമാക്കികൊണ്ടുള്ള 49 കീ പെർഫോർമൻസ് ഇൻഡിക്കേറ്റേർസും 81 ഡാറ്റാ പോയിന്റ്സും അടിസ്ഥാനമാക്കി താഴെ പറയുന്ന 5 മേഖലകളിൽ ജില്ലകളുടെ പ്രകടനത്തെ റാങ്ക് ചെയ്യുന്ന രീതിയാണ് പദ്ധതിയിൽ നടന്നുവരുന്നത്.<br>➢ ആരോഗ്യവും പോഷകാഹാരവും (Health and Nutrition)<br>➢ വിദ്യാഭ്യാസം (Education)<br>➢ കൃഷിയും ജലവിഭവങ്ങളും (Agriculture and Water Resources)<br>➢ സാമ്പത്തിക ഉൾപ്പെടുത്തലും നൈപുണ്യ ശേഷി വികസനവും (Financial Inclusion and Skill Development)<br>➢ അടിസ്ഥാന സൗകര്യം (Basic infrastructure)<br>പ്രധാനമായും താഴെ പറയുന്ന 3 പ്രവർത്തനങ്ങൾ ആണ് പദ്ധതിയിൽ അവലംബിച്ചിരിക്കുന്നത്.<br>➢ സംയോജിത പ്രവർത്തനം (കേന്ദ്ര-സംസ്ഥാന സർക്കാരുകൾ, പദ്ധതികൾ)<br>➢ സഹകരണം (കേന്ദ്ര-സംസ്ഥാന പ്രഭാരി ഓഫീസർമാർ, ജില്ലാ കളക്ടർമാർ)<br>➢ മൽസരം (ജില്ലകൾ തമ്മിൽ)<br>മേൽ പറഞ്ഞ 3 പ്രവർത്തനങ്ങളെ അടിസ്ഥാനമാക്കി ജില്ലകൾ തമ്മിൽ ആരോഗ്യകരമായ മൽസരം |

സാധ്യമാക്കുക വഴി വികസനത്തിലേയ്ക്ക് നയിക്കുകയും വികസന സൂചകങ്ങൾ മെച്ചപ്പെടുത്തി ജില്ലയെ പരിവർത്തനം ചെയ്യുകയും ആണ് പദ്ധതിയിൽ ലക്ഷ്യമിടുന്നത്.

| | |
|---|---|
| (ബി) ഈ പദ്ധതിയുടെ നടത്തിപ്പിൽ ജനപ്രതിനിധികൾ പങ്കാളികളാകുന്നില്ല എന്ന കാര്യം ശ്രദ്ധയിൽ വന്നിട്ടുണ്ടോ; | (ബി) ശ്രദ്ധയിൽപ്പെട്ടിട്ടില്ല |
| (സി) ഈ പദ്ധതിയുടെ ആസൂത്രണത്തിലും നടത്തിപ്പിലും ജനപ്രതിനിധികൾക്ക് പങ്കാളിത്തമുണ്ടാകും എന്ന് ഉറപ്പാക്കുമോ; | (സി) 2018 ജൂൺ മാസം മുതൽ വയനാട് ജില്ലയിൽ ആരംഭിച്ച മേൽ പദ്ധതിയുടെ ഭാഗമായി 07.08.2018ന് ചേർന്ന യോഗത്തിലും 22.10.2019ന് ചേർന്ന യോഗത്തിലും ജില്ലയിലെ എം.എൽ.എ.മാർ എം.പി.മാർ, തദ്ദേശ ഭരണ സ്ഥാപന പ്രതിനിധികൾ എന്നിവരെ ക്ഷണിച്ചിട്ടുണ്ടായിരുന്നു. എന്നാൽ, 07.08.2018ന് ചേർന്ന യോഗത്തിൽ വയനാട് ജില്ലാ ആസൂത്രണ സമിതി അംഗങ്ങളും ഗ്രാമ പഞ്ചായത്ത് പ്രസിഡന്റ്സ് അസോസിയേഷൻ പ്രസിഡന്റും മാത്രമാണ് പങ്കെടുത്തത്. 22.10.2019ന് ചേർന്ന യോഗത്തിൽ കൽപ്പറ്റ നിയോജക മണ്ഡലം എം.എൽ.എ. പങ്കെടുത്തിരുന്നു. ഇനി നടക്കുന്ന പ്രധാന യോഗങ്ങളിലും ജില്ലയിലെ ജനപ്രതിനിധികളെ പങ്കെടുപ്പിക്കുന്നതിനുള്ള നിർദ്ദേശം നൽകിയിട്ടുണ്ട്. |
| (ഡി) വയനാട് ജില്ലയിൽ ഈ പദ്ധതിയുടെ ഭാഗമായി ഇതുവരെ നടപ്പിലാക്കിയ പ്രവർത്തനങ്ങൾ വ്യക്തമാക്കാമോ; | (ഡി) ആസ്പിരേഷണൽ ഡിസ്ട്രിക്ട് പ്രോഗ്രാമിന്റെ ഭാഗമായി ആരോഗ്യം, വിദ്യാഭ്യാസം, കൃഷി, നൈപുണ്യ വികസനവും സാമ്പത്തിക ഉൾപ്പെടുത്തലും, അടിസ്ഥാന സൗകര്യം എന്നീ 5 മേഖലകളിലായി 49 കീ പെർഫോർമൻസ് ഇന്റികേറ്റേഴ്സ് അടിസ്ഥാനമാക്കിയുള്ള പ്രകടന വിലയിരുത്തലാണ് നിലവിൽ നടന്നുവരുന്നത്. നീതി ആയോഗിന്റെ ആഭിമുഖ്യത്തിലുള്ള Champions of change എന്ന വെബ്സൈറ്റിൽ 5 മേഖലകളിലുമായുള്ള 49 സൂചകങ്ങളുടെ പുരോഗതി മാസംതോറും രേഖപ്പെടുത്തി വരുന്നു. ഓരോ മേഖലകൾക്കും അതാത് വകുപ്പിലെ ജില്ലാതല ഉദ്യോഗസ്ഥനെ നോഡൽ ഓഫീസറായി ചുമതലപ്പെടുത്തിയിട്ടുണ്ട്. കൂടാതെ, കൃത്യമായ ഇടവേളകളിൽ അവലോകന യോഗങ്ങളും ചേർന്നു വരുന്നു. സൂചകങ്ങളുടെ പ്രകടനം മെച്ചപ്പെടുത്തുന്നതിനുള്ള നിർദ്ദേശങ്ങൾ എല്ലാ വകുപ്പുതല ഉദ്യോഗസ്ഥർക്കും നൽകിയിട്ടുണ്ട്. 2019 ഓഗസ്റ്റ് മാസത്തിൽ കൃഷി മേഖലയുടെ മികച്ച പ്രകടനത്തിന്റെ ഫലമായി (രണ്ടാം റാങ്ക്) നീതി |

| | | | |
|---|---|---|---|
| | | | ആയോഗിന്റെ ചലഞ്ച് ഫണ്ട് ആയ 3 കോടി രൂപയ്ക്ക് ജില്ല അർഹമായിട്ടുണ്ട്. മേൽ പ്രസ്താവിച്ച മേഖലകളിലേയ്ക്കായി വികസന പ്രവർത്തനങ്ങൾക്കുള്ള 3 കോടി രൂപയുടെ പ്രൊജക്ട് പ്രൊപ്പോസലുകൾ തയ്യാറാക്കി 22.10.2019ന് ചേർന്ന യോഗത്തിൽ അംഗീകരിക്കുകയും നീതി ആയോഗിന് അയയ്ക്കുന്നതിനുള്ള നടപടി സ്വീകരിക്കുകയും ചെയ്തിട്ടുണ്ട്.<br>കോർപ്പറേറ്റ് സോഷ്യൽ റെസ്പോൺസിബിലിറ്റി (CSR) ഫണ്ടിന്റെ ഭാഗമായി കൊച്ചിൻ ഷിപ്പ്യാർഡിൽ നിന്നും 4 സ്മാർട്ട് അങ്കണവാടികൾ നിർമ്മിക്കുന്നതിനായി 120 ലക്ഷം രൂപയുടെ പ്രൊജക്ട് പ്രൊപ്പോസലിന് അംഗീകാരം ലഭ്യമായിട്ടുണ്ട്. ഭാരത് പെട്രോളിയം കോർപ്പറേഷൻ ലിമിറ്റഡ്, കോർപ്പറേറ്റ് റെസ്പോൺസിബിലിറ്റി ഫണ്ടിന്റെ ഭാഗമായി ആരോഗ്യം, നൈപുണ്യവികസനം, വിദ്യാഭ്യാസം എന്നീ മേഖലകളിൽ 8 പ്രൊജക്ടുകൾക്കായി 1425 ലക്ഷം രൂപയുടെ പദ്ധതിക്ക് തത്വത്തിൽ അംഗീകാരം നൽകിയിട്ടുണ്ട്. |
| (ഇ) | എത്ര രൂപയുടെ പ്രവർത്തനങ്ങളാണ് നടപ്പിൽ വരുത്തിയിട്ടുള്ളത്; ഇതിൽ കേന്ദ്രസർക്കാർ അനുവദിച്ചിട്ടുള്ള തുക, സംസ്ഥാനവിഹിതം എന്നിവ വ്യക്തമാക്കുമോ? | (ഇ) | നിലവിൽ ആസ്പിരേഷണൽ ഡിസ്ട്രിക് പ്രോഗ്രാമിന്റെ ഭാഗമായി പദ്ധതി നിർവ്വഹണ പ്രവർത്തനങ്ങൾ ഒന്നും നടപ്പിൽ വരുത്തിയിട്ടില്ല. |

**സെക്ഷൻ ഓഫീസർ**